II ഇ. ബി. XIV - കേരള നിയമസഭ/XIII- 10

# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 ഡിസംബർ 11, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ ശബരിമലയിൽ ഏർപ്പെടുത്തിയിരിക്കുന്ന നിരോധനാജ്ഞ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടും സഭാ കവാടത്തിനു മുന്നിൽ അനിശ്ചിതകാല സത്യാഗ്രഹം നടത്തുന്ന എം.എൽ.എ.മാർക്ക് അഭിവാദ്യം അർപ്പിച്ചും യു.ഡി.എഫ്. അംഗങ്ങൾ പ്ലക്കാർഡുകളും ബാനറും ഉയർത്തിപ്പിടിച്ച് സ്പീക്കറുടെ ഡയസിനുമുന്നിൽവന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

(ചോദ്യകർത്താക്കൾ ചോദ്യം ഉന്നയിക്കാത്തതിനാൽ *271-ാം നമ്പർ ചോദ്യം പരിഗണനയ്ക്കെടുത്തില്ല.)

14(*272) <u>കുടുംബശ്രീ സംരംഭങ്ങൾ</u>

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) നൽകിയ മറുപടിയിൽ, സംസ്ഥാനതലത്തിൽ 4800-ലധികം കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും പലിശ സബ്സിഡിക്ക് പുറമെ ടെക്നോളജി/ടെക്നോളജി അപ്ഗ്രഡേഷൻ, റിവോൾവിംഗ്/ക്രൈസിസ് മാനേജ്മെന്റ്/സ്റ്റാർട്ടപ്പ് ഫണ്ടുകൾ നൽകുന്നുണ്ടെന്നും സഭയെ അറിയിച്ചു. നടപ്പ് സാമ്പത്തിക വർഷം കുടുംബശ്രീക്കായി 188.62 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രളയത്തെ തുടർന്ന് നഷ്ടം സംഭവിച്ച കുടുംബശ്രീ സൂക്ഷ്മ സംരംഭകർക്ക് പ്രളയ ദുരിതാശ്വാസ പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി അദ്ധ്യക്ഷനായ ഗവേണിംഗ് ബോഡിയുടെ നേതൃത്വത്തിലാണ് കുടുംബശ്രീയുടെ അനാദൃശ്യ പ്രവർത്തന പദ്ധതികൾ നടപ്പിലാക്കുന്നത്. സ്വയംസഹായ സംഘങ്ങൾ രൂപീകരിക്കുന്നതിലും ഗ്രാമ വികസന സംരംഭക പ്രവർത്തനങ്ങളിലും പരിശീലനം നൽകുന്ന കുടുംബശ്രീയെ നാഷണൽ റിസോഴ്സ് ഓർഗനൈസേഷനായി അംഗീകരിച്ചിട്ടുണ്ടെന്നും വിദേശ രാജ്യങ്ങൾ ഇത് മാതൃകയാക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ദിശ/നീതം ജെന്റർ ക്യാമ്പയിൻ, കുടുംബശ്രീ സ്കൂൾ തുടങ്ങിയവ കുടുംബശ്രീയെ പുനരുജ്ജീവിപ്പിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. Resurgent Kerala Loans Scheme പ്രകാരം കുടുംബശ്രീ മുഖേന 410 കോടി

രൂപയുടെ വായ്പ അനുവദിച്ചിട്ടുണ്ട്. കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി പഞ്ചായത്തുകളിൽ മാസച്ചന്തകളും ബസാറുകളും ആരംഭിച്ചിട്ടുണ്ടെന്നും പ്രധാന ജില്ലാ കേന്ദ്രങ്ങളിൽ സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. വയോജന-രോഗീ പരിപാലനത്തിനായി പരിശീലനം സിദ്ധിച്ചവരെ കുടുംബശ്രീ മുഖേന നൽകുന്നുണ്ടെന്നും കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ശീതളപാനീയ നിർമ്മാണവും ഡേ കെയർ സെന്ററും ആരംഭിക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

15(*273) **പ്രളയാനന്തര പുനർനിർമ്മാണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്**

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20-ലെ വാർഷിക പദ്ധതിയിൽ പ്രളയാനന്തര പുനർനിർമ്മാണത്തിനും പുനരുജ്ജീവനത്തിനുമുള്ള പ്രോജക്ടുകൾക്ക് ഉയർന്ന പരിഗണന നൽകണമെന്നും പ്രകൃതി ദുരന്തസാധ്യതാ പ്രദേശങ്ങൾ മാപ്പ് ചെയ്ത് ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുത്ത് തുടർപ്രവർത്തനങ്ങൾ ആവിഷ്കരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ദുരിതാശ്വാസപ്രവർത്തനങ്ങൾക്ക് തനതു ഫണ്ട് വിനിയോഗിക്കുന്നതിനും വാർഷിക പദ്ധതി ഭേദഗതി ചെയ്ത് അടിയന്തര സ്വഭാവമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനും തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് ആരംഭിച്ച വർക്കിംഗ് ഗ്രൂപ്പിലെ അംഗങ്ങൾക്ക് 'കില' ആദ്യഘട്ട പരിശീലനം നൽകിയിട്ടുണ്ട്. പ്രാദേശികമായുണ്ടാകുന്ന ദുരന്തങ്ങൾ നേരിടുന്നതിന് ബ്ലോക്ക് പഞ്ചായത്തുകളെ പ്രാപ്തമാക്കുന്നതിനായി അടുത്ത സാമ്പത്തിക വർഷം 'ഗ്രാമവികസന ഇന്റേൺഷിപ്പ് പ്രോഗ്രാം' നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്. പി.എം.ജി.എസ്.വൈ./ ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി യഥാക്രമം 166.703 കോടി രൂപയുടെയും 626.52 കോടി രൂപയുടെയും പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ സംരക്ഷണ പ്രവർത്തനങ്ങൾ പ്രളയാനന്തര പ്രവൃത്തികളായി ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ടെന്നും ഇത് കൂടുതൽ ഫലപ്രദമാക്കുന്നതിനായി വിവിധ വകുപ്പുകളുടെ പദ്ധതികളുമായി സംയോജിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ലേബർ ബഡ്ജറ്റ് പുതുക്കി കൂടുതൽ തൊഴിൽ ദിനങ്ങൾ അനുവദിച്ചു നൽകുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(പ്രതിപക്ഷ ബഹളം കാരണം തുടർന്നുള്ള ചോദ്യങ്ങൾ പരിഗണനയ്ക്കെടുത്തില്ല.)

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3433 മുതൽ 3778 വരെയുള്ള ചോദ്യങ്ങളിൽ 42 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)